ബാധ്യത പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് തുടർന്നും വഹിച്ചു പോരുന്നുണ്ട്.

മണ്ണെണ്ണ പെർമിറ്റ്

114 (771) ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാലു വർഷത്തിനിടയിൽ എത്രപേർക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട്;

(ബി) ഇതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ;

(സി) മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 10,00,205 പേർക്ക് പെർമിറ്റുകൾ നൽകിയിട്ടുണ്ട്.

(ബി) ഒരു സിലിണ്ടർ എൽ.പി.ഗ്യാസ് കണക്ഷൻ ഉള്ള കാർഡുടമകൾക്ക് 3 ലിറ്റർ വീതവും എൽ.പി.ഗ്യാസ് കണക്ഷൻ ഇല്ലാത്ത കാർഡുടമകൾക്ക് 6 ലിറ്റർ വീതവും മണ്ണെണ്ണ പ്രതിമാസം നൽകുന്നതാണ്. എല്ലാ താലൂക്ക് തലങ്ങളിലും ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് അപേക്ഷകരുടെ മുൻഗണനാക്രമം നറുക്കിട്ടെടുത്താണ് പെർമിറ്റ് വിതരണം നടത്തിയത്. അപേക്ഷകരിൽ 50% ജനറൽ കാറ്റഗറിയായും 50% സ്പെഷ്യൽ കാറ്റഗറിയായും തിരിച്ചാണ് പെർമിറ്റുകൾ അനുവദിച്ചു നൽകിയിട്ടുള്ളത്.

(സി)&(ഡി) ഉണ്ട്. അതനുസരിച്ച് 1.3.2000 മുതൽ രണ്ടു സിലിണ്ടർ പാചക കണക്ഷൻ ഉള്ള ഉപഭോക്താക്കൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

റേഷൻ വ്യാപാരികളുടെ നിവേദനം

115 (772) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളിൽ റേഷനരിയും ഗോതമ്പും കെട്ടിക്കിടക്കുന്നതു സംബന്ധിച്ച് റേഷൻ വ്യാപാരികളുടെ സംഘടന സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ നിവേദനത്തിലെ ആവശ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥിതിവിശേഷം ഉണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതു പരിഹരിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ; ഇതേപ്പറ്റി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ കേന്ദ്രത്തിന്റെ പ്രതികരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താരതമ്യേന വിപണനം കുറഞ്ഞ, ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരുടെ റേഷനരിയുടെ സ്റ്റോക്ക് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ സ്റ്റോക്കിലേയ്ക്ക് മാറ്റാൻ അനുവാദം നൽകുക, കമ്മീഷൻ വർദ്ധിപ്പിച്ചു നൽകുക, സർക്കാർ സബ്സിഡി വർദ്ധിപ്പിക്കുക എന്നിവയായിരുന്നു റേഷൻ വ്യാപാരികളുടെ നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ.

(സി) കേന്ദ്രം 1.4.2000-മുതൽ റേഷനരിയുടെയും ഗോതമ്പിന്റെയും വില വർദ്ധിപ്പിക്കുകയും അതിനെത്തുടർന്ന് റേഷൻ അരി വാങ്ങുന്നത് ആകർഷകമല്ലാതെ വരികയും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരുടെ റേഷൻ വിപണനത്തിൽ സാരമായ ഇടിവ് ഉണ്ടാകുകയും ചെയ്തതാണ് ഈ സ്ഥിതി വിശേഷത്തിന് കാരണം.

(ഡി) 11.6.2000 മുതൽ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരുടെ സബ്സിഡി ആനുകൂല്യം ഒരു കിലോ അരിയ്ക്ക് ഒരു രൂപ എന്നത് രണ്ടു രൂപയായി സംസ്ഥാന സർക്കാർ ഉയർത്തിയിട്ടുണ്ട്. വർദ്ധിപ്പിച്ച വില കുറയ്ക്കണമെന്ന് കേന്ദ്രസർക്കാരിനെ പല പ്രാവശ്യവും രേഖാമൂലവും മുഖ്യമന്ത്രിയുൾപ്പെടെയുള്ള സർവ്വകക്ഷി നിവേദകസംഘം മുഖേനയും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) കേന്ദ്രം അത് സ്വീകരിച്ചിട്ടില്ല.

റേഷൻ വ്യാപാരികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ

116 (773) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ ക്ഷേമത്തിനായി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

1999-ലെ കേരളാ റേഷൻ വ്യാപാരി ക്ഷേമനിധി നിയമപ്രകാരം സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ ക്ഷേമത്തിനായി സർക്കാർ ഒരു ക്ഷേമനിധി പദ്ധതി രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇതിൻപ്രകാരം റേഷൻ വ്യാപാരികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

117 (775) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly